എക്സ്-ഒഫിഷ്യോ ചെയർമാൻ ബഹു.ധനകാര്യ വകുപ്പുമന്ത്രിയാണ്. ഇതിന്റെ അവസാനബോർഡ് മീറ്റിംഗ് 14.10.98-ൽ നടന്നു.

(ബി) ബോർഡിന്റെയോ ക്ലെയിംസ് കമ്മിറ്റിയുടെയോ ബോർഡ് നിലവിലില്ലാത്ത സാഹചര്യത്തിൽ ഗവൺമെന്റിന്റെയോ അനുവാദത്തോടെയാണ് ചീഫ് എക്സിക്യൂട്ടീവ് ക്ലെയിമിന്മേൽ അന്വേഷണം നടത്തേണ്ടത്.

(സി) ചീഫ് എക്സിക്യൂട്ടീവ് അടക്കമുള്ള ആകെ 9 പേരിൽ 6 പേരും ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. ബാക്കി മൂന്നുപേർ സർക്കാർ സർവ്വീസിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു. ദിവസക്കൂലി നിയമനങ്ങളിൽ സംവരണതത്വം പാലിക്കണമെന്ന് വ്യവസ്ഥയില്ല.

(ഡി) ദിവസക്കൂലിയടിസ്ഥാനത്തിൽ ആറു ജീവനക്കാർ ജോലി ചെയ്തുവരുന്നു. സ്ഥിരപ്പെടുത്തുന്ന കാര്യം വെൽഫെയർ ബോർഡാണ് തീരുമാനിക്കേണ്ടത്.

വ്യാപാരക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കാൻ നടപടി

54(1877)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരക്ഷേമനിധി ബോർഡിന്റെ കാലാവധി കഴിഞ്ഞിട്ടും എത്രനാളായി ഇപ്പോൾ ബോർഡ് നിലവിലുണ്ടോ;

(ബി) ബോർഡിന്റെ കാലാവധിക്കുള്ളിൽ എത്ര ബോർഡുയോഗങ്ങൾ കൂടിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ബോർഡിന്റെ ഭരണം നടത്തിയിരുന്നതും ചെലവുകൾ ചെയ്തതും ബോർഡ് യോഗം കൂടി ബഡ്ജറ്റ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആയിരുന്നോ;

(ഡി) ബോർഡിൽനിന്നും അംഗങ്ങളുടെ മരണാനന്തര സഹായം കൊടുക്കാതായിട്ട് എത്ര വർഷങ്ങൾ ആയി;

(ഇ) ബോർഡ് പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ടായിരുന്ന ബോർഡിന്റെ കാലാവധി 18.6.99-ൽ അവസാനിച്ചു.

(ബി) ആറു യോഗങ്ങൾ കൂടിയിട്ടുണ്ട്.

(സി) ബോർഡിന്റെ അംഗീകാരത്തോടുകൂടിയായിരുന്നു.

(ഡി) 2000 ജനുവരിവരെ മരണാനന്തര സഹായം നൽകിയിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

എക്സൈസ് വകുപ്പ് കാര്യക്ഷമമാക്കുന്നതിന് നടപടി

55(1878) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി എൻ.കെ. രാധ :

LIBRARY ARCHIVES Kerala Legislative Assembly